# നല്ല വാക്കുകൾ ഉപയോഗിക്കുക

## എഫെസ്യർ 4:29

"കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന്നു ആവശ്യംപോലെ ആത്മികവർദ്ധനക്കായി നല്ല വാക്കല്ലാതെ ആകാത്തതു ഒന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുതു."

ഇന്ന് നാം ചിന്തിക്കുവാൻ പോകുന്നത് മിർയ്യാമിനെ കുറിച്ചാണ്.

മിർയ്യാം, മോശയുടെ സഹോദരി – അമ്രാം യോഖേബെദ് ദമ്പതികളുടെ മക്കളായിരുന്നു അഹറോൻ, മിർയ്യാം, മോശ. യിസ്രായേല്യർക്കു ജനിക്കുന്ന ആൺകുട്ടികളെ നൈൽ നദിയിൽ എറിഞ്ഞു കൊല്ലുവാൻ രാജാവ് കല്പിക്കുന്നു. ഈ അവസരത്തിലാണ് മോശ ജനിക്കുന്നത്. ഫറവോന്റെ പടയാളികളിൽ നിന്നും യെഹോവ അവനെ രക്ഷിക്കുമെന്ന് മോശയുടെ മാതാപിതാക്കൾ വിശ്വസിച്ചു. മാതാപിതാക്കളുടെ വിശ്വാസം പോലെ യെഹോവ മോശയെ രാജാവിന്റെ പടയാളികളിൽനിന്നും രക്ഷിച്ചു. ആ രക്ഷാ പദ്ധതിക്ക് യെഹോവ അവന്റെ സഹോദരി മിർയ്യാമിനേയും ഉപയോഗിച്ചു.

ഫറവോന്റെ കൊട്ടാരത്തിൽ ആണ് താമസമെങ്കിലും മോശെയെ അവന്റെ അമ്മ തന്നെ വളർത്തിയതുകൊണ്ടു സത്യദൈവത്തെക്കുറിച്ചും, തന്റെ സഹോദരങ്ങളായ എബ്രായരെക്കുറിച്ചും അവനറിയാമായിരുന്നു. അങ്ങനെ ദൈവം മോശയെ തിരഞ്ഞെടുത്തു, തന്റെ ജനത്തെ ഈജിപ്തിലെ ഫറവോന്റെ അടിമത്തത്തിൽനിന്നും രക്ഷിച്ചു, വാഗ്ദത്ത ഭൂമിയിലേക്ക് നയിക്കുവാൻ നിയോഗിച്ചു. മോശയുടെ സഹോദരങ്ങളായ അഹറോനെയും, മിർയ്യാമിനേയും കൂടെ ദൈവം തിരഞ്ഞെടുത്തു. മിർയ്യാം, ഇസ്രായേലിലെ ആദ്യത്തെ പ്രവാചികയായിയിരുന്നു. ദൈവം അവളെ വിളിച്ചത് അവിടുത്തെ സ്ത്രീകളെയും കുട്ടികളെയും ദൈവവചനകൾ പഠിപ്പിക്കുവാനുള്ള ചുമതല നൽകിയായിരുന്നു. തന്നെ ഏല്പിച്ച ശ്രുശൂഷ യെഹോവ ആഗ്രഹിക്കുന്നതുപോലെ മിർയ്യാം ചെയ്തുപോന്നിരുന്നു.

ഈ സഹോദരങ്ങളുടെ ജീവിതത്തെക്കുറിച്ച് യെഹോവക്ക് ഒരു പദ്ധതി ഉണ്ടായിരുന്നു. അതുപോലെ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തെ കുറിച്ച്, നമ്മുടെ സൃഷ്ടാവിനു പദ്ധതികൾ ഉണ്ട്. നാം നമ്മുടെ പാപങ്ങൾ അവനോടു ഏറ്റു പറഞ്ഞു, യേശുവിനെ കർത്താവും രക്ഷിതവുമായി വിശ്വസിച്ചു, അവനെ അംഗീകരിച്ചാൽ കർത്താവിന്റെ സാന്നിദ്ധ്യം എപ്പോഴും നമ്മോടു കൂടെ ഉണ്ടാകും എന്ന് മാത്രമല്ല, അവിടുത്തേക്ക് വേണ്ടി എന്ത് ചെയ്യണമെന്ന് വ്യക്തമാക്കിത്തരുകയും ചെയ്യും.

ഈജിപ്തിൽ നിന്നും ഇസ്രായേലി മക്കളെ മോശ വിടുവിച്ചു, വാഗ്ദത്ത ദേശത്തേക്കു യാത്ര തിരിച്ചു. ജനങ്ങൾ പലപ്പോഴും ദൈവത്തെ ദ്വേഷിക്കുകയും, മോശയോട് കോപത്തോടെ പെരുമാറുകയും ചെയ്തു. ജനത്തിനും, ദൈവത്തിനും ഇടയിലുള്ള മദ്ധ്യവർത്തികൂടെയായിരുന്നു ഈ സഹോദരങ്ങൾ. തന്റെ ഏറ്റവും പ്രിയപെട്ടവനായ മോശയോടായിരുന്നു യെഹോവ നേരിട്ട് സംസാരിക്കുന്നത്. മറ്റു രണ്ടു സഹോദരങ്ങൾക്കും സ്വപ്നദർശനങ്ങൾ നൽകാറാണ് പതിവ്. അഹരോനും, മിർയ്യാമും, മറ്റു പ്രവാചകന്മാരും, നേതാക്കളും മോശയെ സഹായിക്കുകയാണ് ചെയ്തുവന്നിരുന്നത്.

അങ്ങനെ മിർയ്യാമിൽ അസൂയ ജനിച്ചു. നമ്മളിൽ എപ്പോൾ അസൂയ ഉടലെടുക്കുന്നുവോ, അപ്പോൾ നമ്മിൽ ദൈവഭയം ഇല്ലാതെയാകും. അങ്ങനെ മിർയ്യാമും, അഹരോനും, മോശക്കെതിരെ സംസാരിച്ചു. മോശ വിവാഹം കഴിച്ച എത്യോപ്യക്കാരിയായ സ്ത്രീയെക്കുറിച്ചാണ് അവർ പരദൂഷണം പറഞ്ഞത്. മോശ തിരഞ്ഞെടുത്ത സ്ത്രീയെ സഹോദരങ്ങൾക്ക് ഇഷ്ടമായില്ല എന്ന് നമുക്ക് മനസ്സിലാക്കാം. ഒരു സഹോദരനെ വഴക്കുപറയുവാനും ശാസിക്കുവാനും, സഹോദരിക്ക് അവകാശമുണ്ട്, യെഹോവ ആ സമയത്തൊന്നും അവരുടെ വഴക്കിൽ ഇടപെട്ടില്ല എന്ന് നമുക്ക് കാണുവാൻ സാധിക്കും. അങ്ങനെ അവരുടെ വഴക്കു മൂർച്ഛിച്ചു

സംഖ്യാപുസ്തകം 12:2 വാക്യത്തിൽ ഇപ്രകാരം വായിക്കാം 'യഹോവ മോശെ മുഖാന്തരം മാത്രമേ അരുളിച്ചെയ്തിട്ടുള്ളുവോ? ഞങ്ങൾ മുഖാന്തരവും അരുളിച്ചെയ്തിട്ടില്ലയോ എന്നു പറഞ്ഞു; യഹോവ അതു കേട്ടു. അതുവരെ മിണ്ടാതെയിരുന്ന സ്വർഗ്ഗം മിർയ്യാമിന്റെ ആ ഒറ്റ വാക്കിൽ ഇടപെട്ടതായി നമുക്ക് മനസിലാക്കാം.

യെഹോവ മോശ വഴി മാത്രമാണോ സംസാരിച്ചിട്ടുള്ളത്? ഞങ്ങളിലൂടെയും സംസാരിച്ചിട്ടില്ലയോ? നമുക്ക് കേൾക്കുമ്പോൾ ഇത് വലിയ ഒരു പരദൂഷണമായി തോന്നുകയില്ല, കാരണം, നാം ദിനവും മറ്റുള്ളവരെക്കുറിച്ചു ഇതുപോലെ കുറ്റംപറയുന്നവരായതുകൊണ്ടാണ്. തുടർന്ന് നാം വായിക്കുമ്പോൾ

സംഖ്യാപുസ്തകം 12:4-7

4 പെട്ടെന്നു യഹോവ മോശെയോടും അഹരോനോടും മിർയ്യാമിനോടും: നിങ്ങൾ മൂവരും സമാഗമനകൂടാരത്തിങ്കൽ വരുവിൻ എന്നു കല്പിച്ചു; അവർ മൂവരും ചെന്നു.

5 യഹോവ മേഘസ്തംഭത്തിൽ ഇറങ്ങി കൂടാരവാതിൽക്കൽ നിന്നു അഹരോനെയും മിർാമിനെയും വിളിച്ചു; അവർ ഇരുവരും അങ്ങോട്ടു ചെന്നു.

6 പിന്നെ അവൻ അരുളിച്ചെയ്തതു: എന്റെ വചനങ്ങളെ കേൾപ്പിൻ; നിങ്ങളുടെ ഇടയിൽ ഒരു പ്രവാചകൻ ഉണ്ടെങ്കിൽ യഹോവയായ ഞാൻ അവന്നു ദർശനത്തിൽ എന്നെ വെളിപ്പെടുത്തുകയും സ്വപ്നത്തിൽ അവനോടു അരുളിച്ചെയ്കയും ചെയ്യും.

7 എന്റെ ദാസനായ മോശെയോ അങ്ങനെയല്ല; അവൻ എന്റെ ഗൃഹത്തിൽ ഒക്കെയും വിശ്വസ്തൻ ആകുന്നു.

കൂടാരത്തിനു പുറത്തു വന്ന സഹോദരങ്ങളുടെ മദ്ധ്യേ ദൈവം പ്രത്യക്ഷപ്പെട്ടു. ദൈവം അഹരോനെയും മിർയ്യാമിനെയും കഠിനമായി ശകാരിക്കുന്നത് കാണാം. യെഹോവക്ക് മോശയുമായുള്ള ബന്ധം അവർക്കു വെളുപ്പെടുത്തികൊടുത്തു. നമ്മുടെ വായിൽനിന്നും വരുന്ന ഓരോ വാക്കും ശ്രദ്ധയോടെ ശ്രവിക്കുന്നതായ ദൈവമാണ് നമ്മുക്ക് ഉള്ളത്. നമ്മുടെ വിഷമങ്ങളും, പ്രയാസങ്ങളും, പ്രാർത്ഥനകളും മാത്രമല്ല അവിടുന്ന് കേൾക്കുന്നത്, നമ്മുടെ മനസ്സിന്റെ ചിന്തകളെ വരെ മനസിലാക്കുന്ന ദൈവമാണ് നമ്മുടെ ദൈവം. യെഹോവയുടെ ന്യായവിധി മിർയ്യാമിന്റെ മേൽ ഉണ്ടായി ദൈവ ദാസനായ മോശയെക്കുറിച്ചു പരദൂഷണം പറഞ്ഞപ്പോൾ, അവളുടെ ദേഹം മഞ്ഞുപോലെ വെളുത്തു, അവൾ കുഷ്ഠരോഗിയായി തീർന്നു. മിർയ്യാമിനെ പോലെ ഒരു ശിക്ഷ നമുക്ക് വേണമോ എന്ന് നാം ചിന്തിക്കണം? അങ്ങനെ ഒരു ശിക്ഷക്ക് നാം പാത്രമായിത്തീർന്നാൽ നമുക്കുള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയികയും ആണ് എന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. പിന്നെ ഒരു തിരിഞ്ഞുപോക്ക് നമുക്ക് ഉണ്ടാകുകയില്ല, ഒരു രണ്ടാം മരണം നിച്ഛയം. തന്റെ സഹോദരിക്ക് വന്ന ശിക്ഷകണ്ടിട്ടു മോശ യെഹോവയോടു നിലവിളിച്ചു. അങ്ങനെ അവളെ ഏഴു ദിവസം കൂടാരത്തിനു പുറത്തു താമസിപ്പിക്കുവാൻ കല്പിച്ചു. ഏഴു ദിവസത്തെ ശിക്ഷ കഴിഞ്ഞപ്പോൾ അവൾ സുഖം പ്രാപിച്ചു. ദൈവഹിതത്തിനും, ദൈവകോപത്തിനും കാരണമാകുന്ന ഒരു വാക്കും നമ്മുടെ വായിൽനിന്നും വരാൻ പാടുള്ളതല്ല, സന്ദർഭം ഏതുമാകട്ടെ എപ്പോഴും നാം ദൈവഭയം ഉള്ളവരാകണം.

ദൈവസ്നേഹത്തിൽ നിലനിൽക്കണമെങ്കിൽ, ദൈവം ഉദ്ദേശിച്ചിരുന്നതുപോലെ നമ്മൾ സംസാരപ്രാപ്തി പ്രാപിക്കണം. ഏതുതരം സംസാരമാണു തനിക്ക് ഇഷ്ടമുള്ളതെന്നു യഹോവ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ദൈവത്തിന്റെ വചനം പറയുന്നു: "കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന്നു ആവശ്യംപോലെ ആത്മികവർദ്ധനെക്കായി നല്ല വാക്കല്ലാതെ ആകാത്തതു ഒന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുതു" (എഫെസ്യർ 4:29). വാക്കുകൾക്കു വലിയ ശക്തിയുണ്ട്. നമ്മുടെ സംസാരം നമ്മൾ ശ്രദ്ധിക്കേണ്ടതിന്റെ ഒരു സുപ്രധാനകാരണം അതാണ്. അതിനാൽ പ്രിയരേ, നാം

മനസ്സിലാക്കണം "ശാന്തതയുള്ള നാവ് ജീവവൃക്ഷം; എന്നാൽ വക്രതയുള്ള സംസാരം തളർത്തിക്കളയുന്നു" (സദൃശ്യവാക്യങ്ങൾ 15:4). നമ്മുടെ വാക്കുകൾക്കു നമ്മൾ യഹോവയോടു കണക്കു ബോധിപ്പിക്കേണ്ടിവരും നമ്മൾ എങ്ങനെ നാവ് ഉപയോഗിക്കുന്നു എന്നതു സഹമനുഷ്യരുമായുള്ള നമ്മുടെ ബന്ധത്തെ മാത്രമല്ല, യഹോവയുമായുള്ള ബന്ധത്തെയും ബാധിക്കും.

**പരാമർശം:**

യാക്കോബ് 1:26

നിങ്ങളിൽ ഒരുവൻ തന്റെ നാവിന്നു കടിഞ്ഞാണിടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചുകൊണ്ടു താൻ ഭക്തൻ എന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥം അത്രേ

**ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 010**